01/01/2022

10/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ **AP.No.2430(5)/18/SIC**

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 12657/SIC-G7/2018

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 10.12.2021**

**ശ്രീ. ഇടയാവണത്ത് സുരേഷ് ബാബു പുഷ്പാംഗദൻ നമ്പൂതിരി രാമൻ,**
**ഇടയാവണത്ത് മഠം,**
**ചെറുവയ്ക്കൽ, ശ്രീകാര്യം പി.ഒ,**
**തിരുവനന്തപുരം – 695 017.** — **അപ്പീൽ വാദി**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഹെഡ് സർവ്വെയർ,**
**സെൻട്രൽ സർവ്വെ ഓഫീസ്,**
**തിരുവനന്തപുരം.**

**അപ്പീൽഅധികാരി,**
**സെൻട്രൽ സർവ്വെ ഓഫീസ്,**
**തിരുവനന്തപുരം.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 29.05.2018 |
| ഒന്നാംഅപ്പീൽ | 18.06.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.09.2018 |
| രണ്ടാംഅപ്പീൽ | 08.11.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 01.09.2021 ,(ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൻമേൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 16.01.2018 ൽ ഹിയറിംഗിന്റെ നടപടിക്രമങ്ങൾ നടത്തിയ സൂപ്രണ്ട് നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ്, 200/- രൂപയുടെ മുദ്ര പത്രത്തിൽ സമർപ്പിച്ചിരിക്കുന്ന പരശുരാമ ഭൂമിയുടെ സത്യവാങ്മൂലവും അനുബന്ധപ്പെട്ട് 41 താൾ രേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വെ ഡയറക്ടർ എടുത്തിരിക്കുന്ന തീരുമാനത്തിന്റെ മറുപടി

[illegible] സെറ്റിൽമെന്റ് റിക്കോർഡ് പരിശോധിക്കുന്നതിനായി നൽകിയ ഫയൽ ബി8-10719/17 ന്റെ ഉത്തരവ് 2018 ൽ ക്ലോസ് ചെയ്തിരിക്കുന്നതായി അറിയിച്ചിരുന്നു. ആയതിനാൽ 2018 കാലയളവിലും സെറ്റിൽമെന്റ് റിക്കോർഡ് പരിശോധിക്കുന്നതിനുള്ള ഉത്തരവ് എന്നിങ്ങനെയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പിൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. പ്രസ്തുത ദിവസം നടന്ന നേർവിചാരണയിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി കാര്യാലയത്തിൽ ലഭ്യമായ അപേക്ഷയ്ക്ക് ബി8-10719/17 നമ്പർ പ്രകാരം സെറ്റിൽമെന്റ് റെക്കോർഡുകൾ പരിശോധിക്കുന്നതിനുള്ള അനുവാദം 2017 വർഷത്തേക്ക് നിജപ്പെടുത്തിയത് 2018 കാലയളവിലും നൽകണമെന്നാണ് ടിയാൻ ആവശ്യപ്പെടുന്നത് എന്നും സെറ്റിൽമെന്റ് റെക്കോർഡ് പരിശോധിക്കുമ്പോൾ ടി ഓഫീസിലെ ഒരു ജീവനക്കാരന്റെ കൂടി സേവനം പൂർണ്ണമായും ലഭ്യമാക്കേണ്ടതുണ്ടെന്നും ദിവസവും ധാരാളം പൊതുജനങ്ങൾ റിക്കോർഡ് പകർപ്പുകൾക്കായി വരുന്ന സാഹചര്യത്തിൽ കൂടുതൽ ദിവസങ്ങൾ റിക്കോർഡ് പരിശോധനയ്ക്കായി അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണെന്നും മുൻകൂട്ടി അനുമതി വാങ്ങിയതിനു ശേഷം ഏതെങ്കിലും 20 ദിവസങ്ങൾ മാത്രം റിക്കോർഡുകൾ പരിശോധിക്കുന്നതിന് അനുവാദം നൽകി കൊണ്ട് അനുമതി നൽകി എന്നും തുടർന്ന് ഒന്നാം അപ്പീൽ നൽകി എന്നും അപ്പീൽഹർജിയിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് ഹർജിക്കാരനെ നേരിൽ കേട്ടു എന്നും സമയബന്ധിതമായി റിക്കോർഡ് പരിശോധിക്കുന്നതിന് സാധ്യമല്ലയെന്നും സമയമുള്ളപ്പോൾ മാത്രം ഹാജരായി പരിശോധിക്കുമെന്നും 2017 വർഷത്തെ ഫയലിൽ തുടർന്ന അതേ രീതിയിൽ അനുവാദം നൽകണമെന്നുമാണ് ടിയാൻ അറിയിച്ചതെന്നും 2017 ൽ നിരവധി തവണ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും റിക്കോർഡ് പരിശോധനയ്ക്ക് ഹാജരായിട്ടുള്ളതുമാണെന്നും അപേക്ഷകൻ ഒന്നിലധികം ജില്ലകളിലെ ഏകദേശം 200-ഓളം വില്ലേജുകളുടെ വിവരങ്ങളാണ് ആവശ്യപ്പെടുന്നതെന്നും ഓരോ വില്ലേജിനും ഏകദേശം 500 പേജുകൾ ഉൾകൊള്ളുന്ന ഒന്നിലധികം രജിസ്റ്റർ വീതം ഉള്ളതും ആയവ ഒരു വ്യക്തി പരിശോധിക്കുക എന്നത് മാസങ്ങളോളം നീളുന്നതും സമയം ആവശ്യമുളളതാണെന്നും ടി പ്രവൃത്തി മൂലം ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തിന് ദോഷമായി ബാധിക്കുന്നതാണെന്നും ടി സാഹചര്യത്തിലാണ് സമയക്രമം അനുവദിച്ചു കൊണ്ട് എസ്.പി.ഐ.ഒ മറുപടി നൽകിയത് എന്നുമാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4. അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, ഹിയറിംഗ് നോട്ടീസ് നൽകിയതിനെ തുടർന്ന് റിപ്പോർട്ട് ലഭിച്ചിരുന്നു എന്നും റിപ്പോർട്ടിലും കൂടുതൽ വിവരങ്ങൾ ഒന്നും ഉണ്ടായില്ല എന്നും 200 റിക്കോർഡുകൾ പരിശോധിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ടിയാനില്ല എന്നും എതിർകക്ഷികൾക്ക് എന്താണ് പ്രായോഗിക ബുദ്ധിമുട്ട് എന്നന്വേഷിച്ചപ്പോൾ ആയതിന് മറുപടി നൽകിയിട്ടില്ല എന്നും കൃത്യമായ മറുപടി നൽകാൻ ഒന്നും രണ്ടും എതിർകക്ഷികൾ തയ്യാറായില്ല എന്നും സെറ്റിൽമെന്റ് റിക്കോർഡ് പരിശോധിക്കാനുള്ള അവസരം നൽകണമെന്നും തിരു

[illegible] സെറ്റിൽമെന്റ് റിക്കോർഡുകൾ പരിശോധിക്കുവാൻ അവസരം നൽകണമെന്നും വികലമായ മറുപടി നൽകിയ എസ്.പി.ഐ.ഒക്കെതിരെ നിയമം അനുശാസിക്കുന്ന ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ഒന്നിലധികം ജില്ലകളിലെ ഏകദേശം 200–ഓളം വില്ലേജുകളുടെ വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെടുന്നതെന്നും ഓരോ വില്ലേജിനും ഏകദേശം 500 പേജുകൾ ഉൾകൊള്ളുന്ന ഒന്നിലധികം രജിസ്റ്ററുകൾ ഉണ്ടെന്നും എസ്.പി.ഐ.ഒയുടെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു. ഇത്രയും രജിസ്റ്ററുകൾ പരിശോധിക്കാൻ അപ്പീൽഹർജിക്കാരൻ സന്നദ്ധനാണെന്നും അറിയിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ടി രജിസ്റ്ററുകൾ പരിശോധിക്കുന്നതിന് അവസരം നൽകേണ്ടതാണ്. 2017, 2018 കാലഘട്ടത്തിൽ വിവിധ ജില്ലകളുടെ റിക്കോർഡുകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിട്ടണ്ടെന്നും ആയതിനൊക്കെ മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് ഓഫീസിൽ ഹാജരായി ഫീസ് ഒടുക്കി റിക്കോർഡുകൾ പരിശോധിച്ച് കുറിച്ചെടുക്കുകയും ചെയ്തിട്ടുള്ളതായി എസ്.പിഐ.ഒയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതിമൂലമാണ് പ്രയോഗിക ബുദ്ധിമുട്ടുണ്ട് എന്ന് എതിർകഷി അറിയിച്ചിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. അപ്പീൽ ഹർജിക്കാരന്റെ ആവശ്യം ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാത്തതരത്തിൽ ടിയാൻ ആവശ്യപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും ആവശ്യപ്പെട്ട പകർപ്പുകൾ എടുക്കുന്നതിനും അപ്പീൽഹർജിക്കാരന് അവസരം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. ആയതിലേയ്ക്കായി ദിവസങ്ങളും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ അറിയിക്കുകയും ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്തതരത്തിൽ സെറ്റിൽമെന്റ് റിക്കോർഡുകൾ പരിശോധിക്കണമെന്ന് അപ്പീൽഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു.

6. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021 ഡിസംബർ മാസം 10 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി